


# എമ്മാവൂസ് വചനദൂത്

**ഏലിയാ സ്ലീവാ മൂശാക്കാലം 7-ാം ഞായർ**

**മത്തായി 20:1-16, നിയമാ. 11:1-9, 2 കോറി. 2:2-7**

Vol. **9** Issue **20**



## ബ്ര. ജോബി തെക്കേടത്ത്


ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ, ഏലിയാ സ്ലീവാ മൂശാക്കാലം 7-ാം ഞായറിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഇന്ന് നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി തിരുസഭാമാതാവ് നൽകിയിരിക്കുന്ന വചനം, വി. മത്തായിയുടെ സുവിശേഷം 20-ാം അദ്ധ്യായം 1 മുതൽ 16 വരെയുള്ള തിരുവചനഭാഗമാണ് 'മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ'. മത്തായി സുവിശേഷകൻ മാത്രം രേഖപ്പെടുത്തിയിട്ടുള്ള മനോഹരമായ ഒരു ഉപമയാണിത്. മുന്തിരിത്തോട്ടവും, ഉടമസ്ഥനും, ജോലിക്കാരും, സമയവും, വേതനവുമെല്ലാം ചില യാഥാർത്ഥ്യങ്ങളെ പ്രതിനിധീകരിക്കുന്ന പ്രതീകങ്ങളായി സുവിശേഷകൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

ഇന്നത്തെ ഒന്നാം വായനയായ നിയമാവർത്തനപുസ്തകം 11-ാം അദ്ധ്യായം 1 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ, 'സർവ്വശക്തനായ ദൈവം' എന്ന തലക്കെട്ടോടുകൂടി, ദൈവമായ കർത്താവ് ഇസ്രായേൽ ജനത്തിന് നൽകിയ അനുഗ്രഹങ്ങൾ വിവരിച്ചിരിക്കുന്നു. ഇത് സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമായ കാനാൻ ദേശത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിലേക്ക് കടന്നുവരുമ്പോൾ, മുന്തിരിത്തോട്ടത്തെ ദൈവരാജ്യത്തോട് സുവിശേഷകൻ ഉപമിച്ചിരിക്കുന്നു. മുന്തിരത്തോട്ടത്തിലെ ജോലിക്കാരായി അന്നുമിന്നും ദൈവം ചിലരെ പേര് ചൊല്ലി വിളിക്കുന്നു. ഇപ്രകാരം അനേകം ജോലിക്കാരെ വ്യത്യസ്തസമയങ്ങളിൽ തന്റെ കൃഷിത്തോട്ടത്തിലേയ്ക്ക് വിളിച്ച് നിയോഗിച്ചതിന്റെ ചരിത്രമുണ്ട് സഭയ്ക്ക്. ഡാൻസ് ഹാളിൽ നിന്ന് പുണ്യപദത്തിലേയ്ക്ക് ദൈവം വിളിച്ചു നിയോഗിച്ച ഹെലൻ എന്ന പെൺകുട്ടി വി. ഫൗസ്റ്റീനയായി മാറിയ ചരിത്രം, ഭൂമിശാസ്ത്രഗവേഷണത്തിൽ സ്വർണ്ണമെഡൽ നേടിയ ചാൾസ് ഡീ ഫൂആൾഡിനെ വലിയ മിഷനറിയായി വിളിച്ചു നിയോഗിച്ചതിന്റെ ചരിത്രം, "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നശിച്ചാൽ എന്ത് പ്രയോജനം" എന്ന വചനത്താൽ മാനസാന്തരപ്പെട്ട് വലിയ പ്രേഷിതനായ വി. ഫ്രാൻസിസ് സേവ്യർ! ഇങ്ങനെ അനേകം വിശുദ്ധർ വിവിധ സമയങ്ങളിൽ വിളിക്കപ്പെട്ട് വിശ്വസ്തതാപൂർവ്വം ജോലി നിർവ്വഹിച്ച മുന്തിരിത്തോട്ടമാണ് സഭ.

ഈ ഉപമ അതിന്റെ തനിമയോടെ മനസ്സിലാക്കണമെങ്കിൽ അന്നത്തെ യഹൂദാപശ്ചാത്തലം നാം മനസ്സിലാക്കേണ്ടതുണ്ട്. ധാരാളം മുന്തിരിത്തോട്ടങ്ങളാൽ അനുഗ്രഹീതമായിരുന്നു പാലസ്തീൻ. ഉടമസ്ഥർ ഏറെ ശ്രദ്ധയോടും കരുതലോടും കൂടെ അവയെ പരിപാലിച്ചിരുന്നു. മുന്തിരി

ച്ചെടികൾ നടുമ്പോൾ ചുറ്റും വേലികെട്ടി സുരക്ഷിതമാക്കി. മുന്തിരിക്കുലകൾ പാകമായി വിളവെടുപ്പിന് കാലമാകുമ്പോൾ ഉടമസ്ഥന് സന്തോഷത്തോടൊപ്പം ആശങ്കയും ഉടലെടുക്കും. കാരണം, മഴയ്ക്കു മുമ്പ് മുന്തിരിക്കുലകൾ ശേഖരിക്കുക എന്നത് വലിയ കഷ്ടപ്പാട് തന്നെയായിരുന്നു. പലപ്പോഴും ജോലിക്കാരെ തികയാതെ വരുമെന്നതിനാൽ ഉടമസ്ഥൻ കഴിവതും നേരത്തെ തന്നെ തെരുവിൽ ചെന്ന് ജോലിക്കാരെ വിളിച്ചുകൊണ്ടു വരുന്ന പതിവ് സർവ്വസാധാരണമായിരുന്നു.

യഹൂദാപാരമ്പര്യത്തിൽ ഒരു ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയത്തോടെയാണ്. എങ്കിലും മണിക്കൂറുകൾ കണക്കു കൂട്ടിയിരുന്നത് സൂര്യോദയം മുതലാണ്. ഇന്നത്തെ സമയക്രമമനുസരിച്ച് 3-ാം മണിക്കൂറിൽ ജോലിക്കെത്തിയവർ 9 മണിക്കൂറും, 6-ാം മണിക്കൂറിൽ ജോലിക്കെത്തയവർ 12 മണിക്കും, 9-ാം മണിക്കൂറും 11-ാം മണിക്കൂറും യഥാക്രമം 3 മണിക്കും 5 മണിക്കും ജോലിയാരംഭിച്ചവരാണ്. അതിനാൽ അവസാനം ജോലിക്കെത്തിയവരെക്കാൾ വെയിലിന്റെ ചൂടും കാഠിന്യവും സഹിച്ച് അദ്ധ്വാനിച്ചവർ ന്യായമായും കൂടുതൽ വേതനം പ്രതീക്ഷിച്ചു.

ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നും കൊണ്ടുവരുവാൻ ദൈവം തിരഞ്ഞെടുത്ത നേതാവായിരുന്നു മോശ. ദൈവത്തിന്റെ കൽപനകൾ വിശ്വസ്തതാപൂർവ്വം പാലിച്ച് നീതിയോടെ ഇസ്രേയേൽ ജനത്തെ വാഗ്ദത്തനാട്ടിലേക്ക് മോശ നയിക്കുന്നു. പക്ഷെ, ദൈവമായ കർത്താവ് മോശയോട് ഇപ്രകാരം അരുൾചെയ്യുന്നു: ''നീയല്ലാ, മറിച്ച് നിന്റെ പിൻഗാമിയായ ജോഷ്വായായിരിക്കും വാഗ്ദത്തനാട്ടിൽ പ്രവേശിക്കുക''. മാനുഷികമായി ചിന്തിക്കുകയാണെങ്കിൽ ദൈവം മോശയോട് നീതിരഹിതമായി പെരുമാറുന്നതായി തോന്നാം. പക്ഷെ, ദൈവത്തിന്റെ നീതിയെ മാനുഷീകനീതി കൊണ്ട് അളക്കുവാൻ നമുക്ക് സാധ്യമല്ല.

മത്തായിയുടെ സുവിശേഷം 6-ാം അധ്യായം 33-ാം തിരുവചനം പറയുന്നു: ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും''. മാനുഷികനീതി ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകുമ്പോൾ, സുവിശേഷത്തിന്റെ കാഴ്ച്ചപ്പാടിൽ ദൈവനീതി എന്നത് അർഹിക്കാത്തവന് പോലും സംതൃപ്തമായി നൽകുന്നതിൽ അടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് പലസമയത്ത് ജോലിക്കെത്തിയവർക്ക് ഉടമസ്ഥൻ തുല്യവേതനം നൽകുന്നത്. ഇവിടെയാണ് ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം. ആദ്യം വന്നവനെയും അവസാനം വന്നവനെയും ഒരുപോലെ ഉൾക്കൊള്ളുന്ന ദൈവികഭാവം. ഇത് മനുഷ്യന് അവകാശപ്പെടാനാവില്ല. സത്രത്തിൽ ഇടം ലഭിക്കാതെ പോയവൻ ആദ്യം വന്നവനെയും അവസാനം വന്നവനെയും സ്വന്തം ഹൃദയത്തിൽ ഇടം നൽകി ക്ഷണിക്കുന്നുണ്ട്. സുവിശേഷത്തിലേയ്ക്ക് കടന്നു വരുമ്പോൾ മറ്റൊരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ആദ്യം വന്നവർക്ക് നീതി ലഭിച്ചില്ലെന്നല്ല അവരുടെ പരാതി, പിന്നെയോ; അവസാനം വന്നവരുമായി അവരെ തുലനം ചെയ്തു എന്നുള്ളതാണ്. അവർക്കു കിട്ടിയ വേതനത്തിൽ അല്ലെങ്കിൽ നന്മയിൽ അസൂയപ്പെടുന്ന ഒരു മാനുഷികഭാവം. ഉടമസ്ഥൻ ഈ ഉപമയിൽ അവരോടു ചോദിക്കുന്നുണ്ട്. ''ഞാൻ നല്ലവനായതു കൊണ്ട് നിങ്ങൾ എന്തിന് അസൂയപ്പെടുന്നു''. ദൈവത്തിന്റെ കരുണ ഒന്നു മാത്രമാണ് അവസാനം വന്നവരെ ആദ്യം വന്നവരുമായി തുലനം ചെയ്യുന്നതെന്ന യാഥാർത്ഥ്യം ഇവിടെ മനസ്സിലാക്കാൻ മനുഷ്യൻ പരാജയപ്പെടുന്നു.

ആരാണ് ആദ്യം വന്നവൻ..? ആരാണ് അവസാനം വന്നവൻ..? ചുങ്കക്കാർക്കും പാപികൾക്കും രക്ഷയുടെ വാതിൽ തുറന്നുകൊടുത്ത യേശുവിലൂടെ ദൈവത്തിന്റെ കാരുണ്യം വെളിപ്പെട്ടു. അവസാനമായി വന്ന ജോലിക്കാർ സമൂഹത്തിൽ നിന്ന് അവഗണിക്കപ്പെട്ടവരുടെ പ്രതീകമാണ്. അവർക്ക് ദൈവത്തിന്റെ കൃപവഴി രക്ഷ ലഭിച്ചു. ഫരിസേയർ മോശയുടെ നിയമാനുഷ്ഠാനത്തിലൂടെ രക്ഷ നേടാൻ പ്രയത്നിക്കുമ്പോൾ, ചുങ്കക്കാരും പാപികളും നിയമത്തിന്റെ പൂർത്തീകരണമായ യേശുവിലൂടെ രക്ഷ കണ്ടെത്തി. ദൈവതിരുമുമ്പിൽ നീതീകരിക്കുവാനോ അവകാശവാദങ്ങൾ ഉന്നയിക്കുവാനോ നമുക്ക് കാരണങ്ങളില്ല. ദൈവം മുമ്പനാക്കുന്നവനാണ് യഥാർത്ഥത്തിൽ മുമ്പനാകുന്നത്. വലുതാകാൻ പരിശ്രമിക്കുന്നവർ ചെറുതാവുകയേ ഉള്ളൂ. സാവൂളും യൂദാസുമൊക്കെ നമ്മുടെ മുമ്പിൽ ഉദാഹരണങ്ങളായി നിലനിൽക്കുന്നു. ദൈവം കരം പിടിച്ചുയർത്തിയ മോശയും അബ്രഹാമുമെല്ലാം മറുവശത്തും നിലനിൽക്കുന്നു. എല്ലാവരെയും ദൈവരാജ്യമാകുന്ന മുന്തിരിത്തോപ്പിലേയ്ക്ക് കരം പിടിച്ച് സ്വീകരിക്കാൻ ദൈവം കാത്തിരിക്കുന്നു.

ഒരു നിമിഷം നമുക്ക് കണ്ണുകളടക്കാം. ദൈവമെ, കുറവുകളിലും പോരായ്മകളിലും നിന്റെ കരം പിടിച്ച് സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അതിനായി ഈ വിശുദ്ധബലിയിൽ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.